**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5303** **02-11-2021 - ൽ മറുപടിയ്ക്ക്**

**കായികതാരങ്ങൾക്ക് ജോലി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | (എ) | കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ട നിയമനം നടത്തുന്നത്. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സ്പോർട്സ് ക്വാട്ടയിൽ സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിന് ചുവടെ പറയും പ്രകാരമുള്ള നേട്ടങ്ങൾ കൈവരിച്ചിരിക്കണം. 1) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ, ടീം ഇനങ്ങളിലോ ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ. 2) രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ 3) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ. 4) മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിൽ കേരള സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ. കൂടാതെ കേന്ദ്ര സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ടാ വഴി നിയമനം ലഭിച്ചവർ വീണ്ടും അപേക്ഷിക്കാൻ അർഹരല്ല. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ കളികളിൽ നിന്ന് വിലക്ക് |

| | | | |
|---|---|---|---|
| | | | കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങൾക്കും സ്പോർട്സ് ക്വാട്ട നിയമനത്തിന് അർഹരല്ല. |

സെക്ഷൻ ഓഫീസർ